ഉത്തരം

(എ) ഒരു കോടി രൂപയ്ക്ക് മേൽ ടെക്സ്റ്റൈൽസ് ഇനങ്ങളുടെ വിറ്റുവരവുള്ള വ്യാപാര സ്ഥാപനങ്ങളുടെ റെഡിമെയ്ഡ് ഒഴികെയുള്ള ടെക്സ്റ്റൈലുകളുടെ വിറ്റുവരവിന്മേൽ 2% ടേൺ ഓവർ ടാക്സ് ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) ലഭിച്ചിട്ടുണ്ട്. ഈ വിഷയം പരിശോധിച്ചുവരുന്നു.

റവന്യൂ കമ്മി കുറയ്ക്കുന്നതിന് നടപടികൾ

170 (3829) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ കമ്മി കുറച്ചുകൊണ്ട് വരുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം എത്രരൂപ കടം എടുത്തു ; ഏതെല്ലാം ഏജൻസികളിൽ നിന്നുമാണ് വായ്പ എടുത്തത് എന്ന് വിശദമാക്കാമോ ; 1-7-2011 മുതൽ 31-3-2014 വർഷം വരെയുള്ള കണക്ക് വാർഷികാടിസ്ഥാനത്തിൽ നൽകാമോ ;

(സി) നികുതിയേതര വരുമാനങ്ങൾ വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ ഈ സർക്കാർ അധികാരത്തിൽവന്നശേഷം സ്വീകരിച്ചു ; നികുതിയേതര വരുമാനത്തിന്റെ വിശദാംശങ്ങൾ 1-4-2011, 1-4-2012, 1-4-2013, 1-4-2014 എന്നീ ക്രമത്തിൽ വിശദമാക്കാമോ ?

ഉത്തരം

(എ) വിവിധ സ്രോതസ്സുകളിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന റവന്യൂ വരുമാനം വർദ്ധിപ്പിച്ചും, വികസനേതര റവന്യൂ ചെലവുകളിൽ നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടും കാര്യക്ഷമമായ ധനകാര്യ മാനേജ്മെന്റിലൂടെ റവന്യൂ കമ്മി കുറയ്ക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി റവന്യൂ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഊർജ്ജിത നികുതി പിരിവ് യജ്ഞം നടത്താനും നികുതി-നികുതിയേതര വരവിനങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേ ഉത്തരവുകളും പിൻവലിക്കാനും അത്തരം ഉപാധിരഹിത സ്റ്റേ ഉത്തരവുകൾ ഭാവിയിൽ പുറപ്പെടുവിക്കാതിരിക്കാനുമുള്ള നിർദ്ദേശങ്ങൾ നൽകുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കൂടാതെ നികുതി പിരിവ് സംബന്ധമായി വിവിധ കോടതികൾ പുറപ്പെടുവിച്ചിട്ടുള്ള സ്റ്റേ ഉത്തരവുകൾ പിൻവലിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വകുപ്പുതലത്തിൽ പുറപ്പെടുവിച്ചിട്ടുള്ള സ്റ്റേ ഉത്തരവുകൾ റദ്ദാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ അദ്ധ്യക്ഷനായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Page 2 of 2

റവന്യൂ ചെലവുകൾ നിയന്ത്രിക്കുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർക്കാർ വകുപ്പുകളിൽ അധിക തസ്തികകൾ നിലവിലുണ്ടോ എന്ന് കണ്ടെത്തുന്നതിനും പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ട സാഹചര്യങ്ങളിൽ കണ്ടെത്തിയ അധിക തസ്തികകളിൽ നിന്നും നിയമനം നടത്താനും ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി. ആരോഗ്യ കുടുംബക്ഷേമം ഒഴികെയുള്ള വകുപ്പുകളിൽ നിന്നുള്ള ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് നിർത്തലാക്കി. സർക്കാർ ഓഫീസുകളിൽ വൈദ്യുതി, ജലം, സ്റ്റേഷനറി എന്നിവയുടെ ഉപഭോഗം നിയന്ത്രിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചെലവു ചുരുക്കൽ ഉത്തരവുകൾ കർശനമായി പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ അംഗീകാരമില്ലാതെ പുതിയ തസ്തികകൾ സൃഷ്ടിക്കരുതെന്ന നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. മുൻകൂട്ടി തീരുമാനിക്കപ്പെട്ടിട്ടുള്ളതും, അംഗീകൃത പ്രോജക്ടുകളുമായി ബന്ധപ്പെട്ടുള്ളതും, അല്ലാത്തതുമായ ഉദ്യോഗസ്ഥരുടെ വിദേശയാത്രകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) 1-4-2011 മുതൽ 31-3-2014-വരെ 37519.91 കോടി രൂപ കടമെടുത്തിട്ടുണ്ട്. പൊതുവിപണി, എൽ.ഐ.സി., നബാർഡ്, എൻ.സി.ഡി.സി. എന്നീ ധനകാര്യ സ്ഥാപനങ്ങൾ, കേന്ദ്ര ഗവൺമെന്റ് എന്നിവിടങ്ങളിൽ നിന്നാണ് വായ്പയെടുത്തിട്ടുള്ളത്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വായ്പ തുക (കോടി രൂപയിൽ) |
|---|---|
| 2011-12 | 9798.96 |
| 2012-13 | 13261.19 |
| 2013-14 | 14459.76 |

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നികുതിയേതര വരുമാനങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി, വിവിധ വകുപ്പുകളിലെ സർവ്വീസ് ചാർജ്ജുകൾ, വിവിധ ഫീസുകൾ തുടങ്ങിയവയുടെ നിരക്കുകൾ കാലോചിതമായി പുതുക്കുന്നതിന് വകുപ്പ് തലവന്മാർക്ക് നിർദ്ദേശം നൽകുകയും അതിൻപ്രകാരം സാംസ്കാരികം, ഉന്നതവിദ്യാഭ്യാസം, ആരോഗ്യ-കുടുംബക്ഷേമം, മത്സ്യബന്ധന തുറമുഖം, കൃഷി, വനം-വന്യജീവി, ഊർജ്ജം, ജലവിഭവം, റവന്യൂ, പൊതുവിദ്യാഭ്യാസം, ധനകാര്യം, പൊതു ഭരണം (കോ-ഓർഡിനേഷൻ), ആഭ്യന്തരം, പൊതുമരാമത്ത്, തൊഴിലും പുനരധിവാസവും, സഹകരണം, ഉന്നതവിദ്യാഭ്യാസം, ഭക്ഷ്യ-പൊതുവിതരണം എന്നീ വകുപ്പുകളിലെ വിവിധ നികുതിയേതര വരുമാന ഇനങ്ങളുടെ നിരക്ക് പുതുക്കി ഉത്തരവായിട്ടുണ്ട്. 2010-11, 2011-12, 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിലെ നികുതിയേതര വരുമാനം യഥാക്രമം 1930.79, 2592.18, 4198.51, 5547.00 (പ്രാരംഭ കണക്കുകൾ) കോടി രൂപ ആയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly